Notice for adjournment Motion (taken for discussion)

Uncorrected/Not for publication
28-01-2026
1

## നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

മി. സ്പീക്കർ: വിളപ്പിൽശാല സർക്കാർ ആശുപത്രിയിൽ കൊല്ലംകോണം സ്വദേശി ബിസ്മീർ എന്ന രോഗി മരിച്ച സംഭവം അടക്കം കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ചികിത്സാ പിഴവുമൂലം ആരോഗ്യ മേഖല പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന് നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. പി. സി. വിഷ്ണുനാഥ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, രോഗത്തിനുമുന്നിൽ ഒരാളും നിസ്സഹായരായി പോകരുതെന്ന വലിയ ലക്ഷ്യം മുൻനിർത്തി ദൃഢനിശ്ചയത്തോടെ സംസ്ഥാന സർക്കാർ ആരോഗ്യ മേഖലയിലെ ഏറ്റവും മികച്ച വികസന പ്രവർത്തനങ്ങൾ നടത്തിയും ഏറ്റവും നൂതനങ്ങളായിട്ടുള്ള ചികിത്സാ സംവിധാനങ്ങൾ ഒരുക്കിയും മുന്നോട്ട്

പോകുന്ന ഒരു കാലഘട്ടമാണ് ഇത്. അതുകൊണ്ടുതന്നെ ഈ വിഷയം ചർച്ച ചെയ്യുന്നതിന് തയ്യാറാണ്.

മി. സ്പീക്കർ: നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം സംബന്ധിച്ച് ഇന്ന് ലഭിച്ച നോട്ടീസ് പ്രകാരം ചർച്ച ചെയ്യാമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വനിത ശിശുവികസന വകുപ്പുമന്ത്രി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഉപക്ഷേപം ചർച്ചയ്ക്കായി മാറ്റി വയ്ക്കുന്നു. ഇന്നത്തെ ഉപക്ഷേപം അടക്കം പതിനഞ്ചാമത് കേരള നിയമസഭ പതിനെട്ടാമത്തെ ഉപക്ഷേപമാണ് ചർച്ച ചെയ്യാൻ പോകുന്നത്. ഉച്ചയ്ക്ക് 12.00 മണിക്ക് ചർച്ച ആരംഭിക്കുന്നതാണ്. രണ്ട് മണിക്കൂർ ചർച്ചയായിരിക്കും. ശ്രദ്ധക്ഷണിക്കലിനെ തുടർന്ന് ഇന്ന് നയപ്രഖ്യാപനത്തിലും ചർച്ചയുണ്ട്. ആയതിനാൽ അംഗങ്ങൾ ചെയറുമായി സഹകരിക്കണം. സമയകൃത്യത പാലിക്കണം.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)